# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ്, തൃശ്ശൂർ - 680 581

## 2016-17 ലെ പ്രവർത്തന റിപ്പോർട്ട്

| | | |
|---|---|---|
| ആകെ സംഘടിപ്പിച്ച പരിശീല പരിപാടികൾ | – | 76 |
| ആകെ ബാച്ചുകൾ | – | 1371 |
| ആകെ പരിശീലനാർത്ഥികൾ | – | 79160 |
| ആകെ മനുഷ്യ ദിനങ്ങൾ | – | 98088 |
| കാര്യശേഷി വികസനത്തിനായി ചിലവഴിച്ച തുക | – | 550.02 ലക്ഷം |
| അടിസ്ഥാന സൗകര്യത്തിനായി ചെലവഴിച്ച തുക | – | 15.00 ലക്ഷം |
| ആകെ ചെലവഴിച്ച തുക | – | 562 ലക്ഷം |
| ബാക്കി തുക | – | 1634.98 ലക്ഷം |

- 2016-17 വർഷത്തിൽ കിലയ്ക്ക് ലഭിച്ച ബജറ്റ് വിഹിതം 2,200 ലക്ഷം രൂപയാണ് (ലഭിച്ച തീയ്യതി 30.03.2017). 2017 മാർച്ച് 31 വരെ 565.02 ലക്ഷം രൂപ കില ചെലവഴിച്ചു.
- 2016-17 ലെ വിവിധ പരിശീലനങ്ങൾക്കായി 50 കൈപ്പുസ്തകങ്ങൾ/സഹായി, സർക്കാർ പുറത്തിറക്കിയ 7 ഉത്തരവുകൾ, 11 പരിശീലന മൊഡ്യൂളുകൾ എന്നിവ പ്രസിദ്ധീകരിച്ച് പരിശീലനാർത്ഥികൾക്ക് നൽകി.
- എസ്.ഐ. ആർ.ഡി, മൂന്ന് ഇ.ടി.സികൾ എന്നിവ പുനർനാമകരണം ചെയ്ത് കിലയുടെ ഭാഗമാക്കി.
- കിലയ്ക്ക് കൈമാറിക്കിട്ടിയ അഹാഡ്സ്, കില – സെന്റർ ഫോർ ട്രൈബല് ഡവലപ്പ്മെന്റ് നാചറൽ റിസോഴ്സ് മാനേജ്മെന്റ് എന്ന് പുനർനാമകരണം ചെയ്ത് പ്രവർത്തനം തുടങ്ങി. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾക്ക് തുടക്കം കുറിച്ചു.
- പതിമൂന്നാം പഞ്ചവത്സര പദ്ധതി – ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടമായ നവ കേരളത്തിന് ജനകീയാസൂത്രണം ആദ്യഘട്ട പരിശീലനങ്ങൾക്ക് തുടക്കം കുറിച്ചു.
- ബ്രിക്സ് രാജ്യങ്ങളുടെ റീജിയണൽ സമ്മേളനം വളരെ ഭംഗിയായി സംഘടിപ്പിക്കുവാന് കിലയ്ക്ക് കഴിഞ്ഞു. ആയതിന് കേന്ദ്ര പഞ്ചായത്ത് മന്ത്രാലയത്തിന്റെ പ്രത്യേക അഭിനന്ദനം ലഭിച്ചു.
- unicef ന്റെ സാമ്പത്തിക സഹായത്താൽ കിലയുടെ ചൈൽഡ് റിസോഴ്സ് സെന്റെര് മുഖാന്തിരം ബാലസൗഹൃദ തൃശ്ശൂർ ജില്ല എന്ന സങ്കൽപ്പം നടപ്പിലാക്കുന്നതിനുള്ള കർമ്മ പരിപാടികള് തയ്യാറായിക്കഴിഞ്ഞു. ആയതിന്റെ അടിസ്ഥാനത്തിൽ ബാലസൗഹൃദ പ്രാദേശിക ഭരണത്തിനായുള്ള പരിശീലനം, സഹായം (Hand Hold Support) എന്നിവ ജില്ലയിലെ 140 ഗ്രാമ പഞ്ചായത്തിലും, 14 മുനിസിപ്പാലിറ്റികളിലുമായി നടപ്പിലാക്കി വരുന്നു.
- കേന്ദ്ര സർക്കാരിന്റെ PSA പ്രോജക്റ്റിന്റെ ഭാഗമായി 8 കോടി രൂപ ലഭിക്കുകയും ആയതിൽ 3.64 കോടി രൂപ കാര്യശേഷി വികസന പരിശീലനങ്ങൾക്കും, സേവനാവകാശം സമ്പന്തിച്ച പരിശീലനങ്ങൾക്കും പട്ടിക വർഗ്ഗ വികസന പരിശീലനങ്ങൾക്കും , വിദഗ്ധരുടെ സഹായം വിദൂര സ്ഥലങ്ങളിലേക്കു വരേ ഒരേ സമയം ലഭ്യമാക്കുന്നതിന് കംപ്യൂട്ടറിന്റെ സഹായത്തോടെ വെർച്വല് ക്ലാസ് റൂമിലൂടെ നടത്തുന്നതിനുമായി ചിലവഴിച്ചു.
- കിലയുടെ ലൈബ്രറി വികസനത്തിന്റെ ഭാഗമായി കിലയുടെ പ്രസിദ്ധീകരണങ്ങൾ കിലയുടെ വെബ്ബ് സൈറ്റിൽ ഡിജിൽ റെപ്പോസിറ്ററി വഴി ഏവർക്കും ലഭ്യമാകുന്ന രീതിയും 15000 ത്തോളം വരുന്ന പുസ്തകങ്ങളുടെ വിതരണവും തിരയലും കംപ്യൂട്ടറുപയോഗിച്ച് നടത്തുന്നതിനുള്ള സംവിധാനവും ലഭ്യമാക്കി.
- പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി കൊടുക്കുന്ന ഹെൽപ്പ് ഡസ്ക് സംവിധാനം ആധുനീകവൽകരിച്ചു.

- കിലയിൽ ഇ ഗവർണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി, നാഷനൽ ഇൻഫർമാറ്റിക്ക് സെന്ററുമായി സഹകരിച്ച് കോകില (COKILA) എന്ന സോഫ്റ്റ്‌വെയര് വികസിപ്പിച്ച് ഫയൽ മാനേജ്മെന്റ്, പേ-റോൾ മാനേജ്മെന്റ് ,ഈ-ഹാജർ എന്നീ സംവിധാനങ്ങള് നടപ്പിലാക്കുകയും അസറ്റ് മാനേജ്മെന്റ് , ഇൻവെന്ററി മേനേജ്മെന്റ്, ട്രൈനിങ്ങ് മേനേജ്മെന്റ്, ഗസ്റ്റ്ഹൗസ് മേനേജ്മെന്റ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന്റെ അവസാന ഘട്ടത്തിലുമാണ്.